## കുട്ടികളിൽ വളരുന്ന കുറ്റവാസന : നിയമപഠനം പാഠ്യപദ്ധതിയിൽ

1 ജൂലൈ 2021

വില ₹ 25

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം



## കേരളവികസന മാതൃക

ജ്ഞാനോൽപാദനത്തിലും പ്രയോഗത്തിലും കേന്ദ്രീകരിക്കേണ്ട രണ്ടാം ഘട്ടം

## തടങ്കൽപ്പാളയങ്ങളും ചികിത്സാലയങ്ങളും : കോളനിവാഴ്ചക്കാലത്തെ മാതൃകകൾ

## ടൂറിസം മേഖലയും കോവിഡും

9 772349 105005 >

213



എൻ.വി. കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

# വിജ്ഞാനകൈരളി


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

ജൂലായ് 2021 വാല്യം 53 ലക്കം 7 വില ₹ 25



**കേരള വികസന മാതൃക: ജ്ഞാനോൽപാദനത്തിലും പ്രയോഗത്തിലും കേന്ദ്രീകരിക്കേണ്ട രണ്ടാം ഘട്ടം**
ഡോ. കെ. ഗോപകുമാർ 06

**കുട്ടികളിൽ വളരുന്ന കുറ്റവാസന: നിയമപഠനം പാഠ്യപദ്ധതിയിൽ**
അഡ്വ. സി.എസ്. രൂപാ 14

**തടങ്കൽ പാളയങ്ങളും ചികിത്സാലയങ്ങളും: കോളണിവാഴ്ചക്കാലത്തെ മാതൃകകൾ**
ഷാജുമോൻ ഇ.കെ. 24

**മാറുന്ന ലോകം, സങ്കരമാവുന്ന സിനിമകൾ**
പി.കെ. സുരേന്ദ്രൻ 30

**ഡോ. അംബേദ്കറിന്റെ സാമ്പത്തിക ദർശനത്തിന്റെ സമകാലീന പ്രസക്തി**
ഡോ. കെ.പി. വിപിൻ ചന്ദ്രൻ 37

**മട്ടാഞ്ചേരിയിലെ രാമായണാഖ്യാനങ്ങൾ**
ഡോ. എം.ജി. ശശിഭൂഷൺ 42

**ടൂറിസം മേഖലയും കൊവിഡും**
സരൂപ് റോയ് ബി.ആർ. 47

**കേരളത്തിലെ സ്വാതന്ത്ര്യസമരചരിത്രരചന**
എസ്. രാമചന്ദ്രൻ നായർ 52

**2011 സെൻസസും ഇന്ത്യയിലെ സമകാലിക ഭാഷാസാഹചര്യങ്ങളും**
ഡോ. സ്മിത കെ. നായർ 55

**ലോകം തെറ്റിദ്ധരിച്ച എലിസ**
എ. അനിൽകുമാർ 60


**ദുരന്താവബോധം എം.കെ. സാനുവിന്റെ വിമർശനങ്ങളിൽ**
സോണിയ ജോസ് 68

**ഉത്തരാധുനികതയുടെ അർഥവ്യതിയാനങ്ങൾ**
ഡോ. പി.എസ്. രാജേഷ്കുമാർ 74


**ആത്മാനുഭൂതിയുടെ നക്ഷത്രജ്വാല**
കെ. ജയകുമാർ 78

**പുസ്തകപരിചയം** 82




**മട്ടാഞ്ചേരിയിലെ രാമായണാഖ്യാനങ്ങൾ**
ഡോ. എം.ജി. ശശിഭൂഷൺ 42


**ചീഫ് എഡിറ്റർ**
പ്രൊഫ. വി. കാർത്തികേയൻ നായർ
**എഡിറ്റർ**
ജി.ബി ഹരീന്ദ്രനാഥ്
**സബ് എഡിറ്റർ**
അശ്വിൻ കൃഷ്ണ ആർ.

**പത്രാധിപസമിതി**
ഡോ. ഷിബു ശ്രീധർ, എൻ. ജയകൃഷ്ണൻ, കെ.ആർ. സരിതകുമാരി
ഡോ. റ്റി. ഗംഗ, റാഫി പൂക്കോം, ശ്രീകല ചിങ്ങോലി, രമ്യ കെ. ജയപാലൻ
വിദ്യ എസ്., ദീപ്തി കെ.ആർ., ഡോ. അപർണ്ണ എസ്. കുമാർ
ബിന്ദു എ., നിതിൻ ചന്ദ്രൻ സി. എസ്., അനുപമ ജെ.
**സർക്കുലേഷൻ മാനേജർ**
എൻ.ഐ. അനിൽകുമാർ, 9447762255

**ടൈപ്പ് സെറ്റ് & ലേ-ഔട്ട്**
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ
തിരുവനന്തപുരം -14
**കവർ ഡിസൈൻ :**
നാരായണ ഭട്ടതിരി
**സ്റ്റേറ്റ് പ്രൊമോട്ടർ**
മടന്തകോട് രാധാകൃഷ്ണൻ, 9497755727




വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്തം ലേഖകർക്കായിരിക്കും.
അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല. -എഡിറ്റർ



ചീഫ് എഡിറ്റർ :0471 2316306
എഡിറ്റർ : 8547071569

ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നാളന്ദ, തിരുവനന്തപുരം 695 003
പ്രാദേശിക കേന്ദ്രം, കോഴിക്കോട് : 0495 2366124



പുന്നപ്രവയലാർ സ്മാരകം

കൾ ചരിത്രത്തെ വികലമാക്കിക്കൊണ്ടിരിക്കുന്നു. കേരളത്തിലും ഈ പ്രവണത ദൃശ്യമാണ്, ജാതിമത വ്യക്തിതാൽപ്പര്യങ്ങൾ കുട്ടിക്കലർത്തിക്കണമെന്നു മാത്രം. സൂക്ഷ്മനിരീക്ഷണപാടവവും രചനാവൈദഗ്ധ്യവുമുള്ള ചരിത്രകാരന്മാർക്കു മാത്രമേ ഇത്തരം വൃത്താന്ത ചരിത്രരചനകളെ അവഗണിച്ച് സ്വതന്ത്രവും വസ്തുനിഷ്ഠവുമായ സ്വാതന്ത്ര്യസമര ചരിത്രമെഴുതുവാൻ കഴിയുകയുള്ളൂ. രാഷ്ട്രീയക്കാർ അധികാരത്തിലെത്താനും അധികാരം നിലനിർത്താനും ചരിത്രത്തിന്റെ പ്രചാരണസാധ്യതകളെ ചൂഷണം ചെയ്യുകയാണ്.

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ നടന്ന കാർഷിക കലാപങ്ങളും ലഹളകളും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കണക്കാക്കുന്നതിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായവ്യത്യാസം നിലനിൽക്കുന്നു. 1836 മുതൽ 1921 വരെ നടന്ന മലബാർ കലാപം കാർഷിക സമരത്തിന്റെ ഗണത്തിൽപ്പെടുത്തുന്നതിനെയും എതിർക്കുന്നവരുണ്ട്. മലബാറിൽ കർഷകപ്രസ്ഥാനം ശക്തമായതോടെ സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ വലിയതോതിൽ ദേശീയ പ്രസ്ഥാനത്തിൽ സജീവമായി എന്നത് ആർക്കും നിഷേധിക്കുവാൻ കഴിയാത്ത വസ്തുതയാണ്. ശക്തിയാർജിച്ചുകൊണ്ടിരുന്ന കർഷകപ്രസ്ഥാനം കോൺഗ്രസ് സോഷ്യലിസ്റ്റുകളുടെയും കമ്യൂണിസ്റ്റ് പാർട്ടിയുടെയും വളർച്ചയ്ക്ക് സഹായകമായി. സർക്കാരിന്റെ ഭൂനയത്തിനും നികുതി പിരിവിനും എതിരായി നിലകൊണ്ട മാപ്പിള കുടിയാന്മാർ കൃഷി ചെയ്ത് കുടുംബം പുലർത്താൻ കഴിയാതെ വന്നപ്പോൾ പോരാടി മരിക്കാൻ തന്നെ തയാറായി മുന്നോട്ടുവന്നു.

1946-ലെ പുന്നപ്രവയലാർ സമരവും മലബാർ കലാപം പോലെ സായുധകലാപമായി കണക്കാക്കാം. പുന്നപ്രവയലാർ സമരത്തിന്റെ ഫലമായിട്ടു കൂടിയാണ് ദിവാന്റെ സ്വതന്ത്രതിരുവിതാംകൂർ പ്രഖ്യാപനത്തിന് ജനങ്ങളുടെയും ബ്രിട്ടീഷ്ഭരണാധികാരികളുടെയും ഇടയിൽ സ്വീകാര്യത കിട്ടാതെ വന്നത്. പ്രത്യേകം പ്രത്യേകമായി ഈ കലാപങ്ങളെയും സമരങ്ങളെയും വിലയിരുത്താമെങ്കിലും സ്വാതന്ത്ര്യസമരത്തിന്റെ തീവ്രത വർധിപ്പിക്കുവാനും സ്വാതന്ത്ര്യപ്രഖ്യാപനം വേഗത്തിലാക്കുവാനും ഈ പ്രാദേശിക സമരങ്ങൾക്കു കഴിഞ്ഞുവെന്നത് അംഗീകരിക്കപ്പെടേണ്ട വസ്തുതയായി നിലനിൽക്കുന്നു.

സ്വാതന്ത്ര്യം കിട്ടിയിട്ട് എഴുപത്തഞ്ചുവർഷമാകാറായിട്ടും സംസ്ഥാനത്തെ സർവകലാശാലകൾ കേരളത്തിലെ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് ആധികാരികമായ ചരിത്രം രചിക്കുവാൻ മുന്നോട്ടുവരാത്തത് പോരായ്മ തന്നെയാണ്. എല്ലാ സർവകലാശാലകളും സംയുക്തമായി പരിശ്രമിച്ച് ഈ കുറവ് നികത്തുമെന്ന് പ്രത്യാശിക്കാം.

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ നടന്ന കാർഷിക കലാപങ്ങളും ലഹളകളും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കണക്കാക്കുന്നതിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായവ്യത്യാസം നിലനിൽക്കുന്നു. 1836 മുതൽ 1921 വരെ നടന്ന മലബാർ കലാപം കാർഷിക സമരത്തിന്റെ ഗണത്തിൽപ്പെടുത്തുന്നതിനെയും എതിർക്കുന്നവരുണ്ട്.

### സഹായഗ്രന്ഥങ്ങൾ


- പി.ഗോവിന്ദപ്പിള്ള, കേരളനവോത്ഥാനം: ഒരു മാർക്സിസ്റ്റ് വീക്ഷണം, ചിന്ത പബ്ലിക്കേഷൻസ്
- പ്രൊഫ. വി.കാർത്തികേയൻനായർ, നവോത്ഥാനമൂല്യങ്ങളും കേരളസമൂഹവും, എൻ ബി എസ്
- ആർ. രാധാകൃഷ്ണൻ, കേരളത്തിലെ നവോത്ഥാനസമരങ്ങൾ, മാളുബൻ പബ്ലിക്കേഷൻസ്
- എൻ.കുമാരനാശാന്റെ ദുരവസ്ഥ
- എം.കെ.സാനു, നാരായണഗുരുസ്വാമി, എച്ച് & സി ബുക്സ്
- കെ.കെ.എൻ കുറുപ്പ്, കേരളത്തിലെ കർഷക സമരങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണസംഘം
- കെ.സി.ജോർജ് പുന്നപ്രവയലാർ, പ്രഭാത് ബുക്സ്
- ദാമോദരൻ കെ, സി.നാരായണപിള്ള, കേരളത്തിലെ സ്വാതന്ത്ര്യസമരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
- Against Lord and State: Religion and Peasant Uprisings in Malabar, 1836-1921 (Oxford India)
- Kerala and Freedom Struggle By: Prof A Sreedhara Menon, DC Books



*(കാലടി ശ്രീശങ്കരാചാര്യ സർവകലാശാലയിൽ റിട്ടയേഡ് അധ്യാപകനാണ് ലേഖകൻ - 94470 41694)*







ഹിന്ദി ദേശീയഭാഷയാക്കാനുള്ള നീക്കത്തിനെതിരെ തമിഴ്നാട്ടിൽ സംഘടിപ്പിക്കപ്പെട്ട സമരം

# 2011 സെൻസസും ഇന്ത്യയിലെ സമകാലിക ഭാഷാസാഹചര്യങ്ങളും


## ഡോ. സ്മിത കെ. നായർ


വൈവിധ്യമാർന്ന ഭാഷാസംസ്കാരങ്ങളുടെ ഒരു സങ്കലനമാണ് ഇന്ത്യ എന്ന ബഹുഭാഷാ രാഷ്ട്രം. ഓരോ ഭാഷയും ഓരോ സംസ്കാരത്തെ പ്രതിനിധീകരിക്കുന്നു. ഭാഷ എന്നത് ആശയവിനിമയോപാധി മാത്രമല്ല സാംസ്കാരികോപാധി കൂടിയാണ്. ഭാഷയിലൂടെയാണ് മനുഷ്യന്റെ സാമൂഹിക, സാംസ്കാരികബോധം രൂപപ്പെടുന്നത്. അക്ഷരാർഥത്തിൽ മനുഷ്യന്റെ തന്നെ രൂപപ്പെടൽ ഭാഷയിലൂടെയാണ്. നിരവധി പ്രദേശങ്ങളിൽ സംസാരഭാഷയായി ഉപയോഗിക്കുന്നതും സാഹിത്യസമ്പത്തുള്ളതുമായ ഭാഷകൾ മുതൽ വളരെ ചെറിയ ജനവിഭാഗങ്ങൾ സംസാരിക്കുന്ന ലിപിയില്ലാത്ത ഭാഷകൾ വരെ ഇത്തരത്തിൽ സാംസ്കാരിക വിനിമയോപാധിയായി വർത്തിക്കുന്നു.

2011 ലെ സെൻസസ് അനുസരിച്ച്, 1369 ഭാഷകൾ ഇന്ത്യയിൽ മാതൃഭാഷയായി സംസാരിക്കുന്നുണ്ട്. ഈ ഭാഷകളെ ഭാഷാപരമായി വിശകലനം ചെയ്തും വസ്തുതാപരമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വർഗീകരിച്ചും പതിനായിരമോ അതിനു മുകളിലോ ആളുകൾ സംസാരിക്കുന്ന ഭാഷകൾ അഖിലേന്ത്യാ അടിസ്ഥാനത്തിൽ അനുയോജ്യമായ ഭാഷകൾക്കു കീഴിൽ പട്ടികപ്പെടുത്തിയുമാണ് ഭാഷകളുടെ എണ്ണം 121 ആയി പരിമിതപ്പെടുത്തിയത്. ഇന്ത്യൻ ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന 22 ഭാഷകളും എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത 99 മറ്റു ഭാഷകളും ചേർന്നതാണ് ഈ 121 ഭാഷകൾ. 1961 സെൻസസ് പ്രകാരം 1600 മാതൃഭാഷകൾ ഉണ്ടായിരുന്നത് 2011 സെൻസസ് ആയപ്പോഴേക്കും 1369 -ൽ എത്തി എന്നതും ശ്രദ്ധിക്കേണ്ട വസ്തുതയാണ്. ഭാഷയെ




സംബന്ധിച്ച ഇത്തരം കണക്കുകൾ അടിസ്ഥാന പരമായി ധ്വനിപ്പിക്കുന്ന ചിലതുണ്ട്. ഒറ്റനോട്ടത്തിൽ നിസ്സാരമെന്നു തോന്നാമെങ്കിലും വളരെ ഗൗരവതരമായി ചർച്ച ചെയ്യപ്പെടേണ്ട ചില ഭാഷാപ്രശ്നങ്ങളിലേക്കാണ് ഇത്തരം കണക്കുകൾ വിരൽ ചൂണ്ടുന്നത്.

## ഇന്ത്യൻ ഭാഷകൾ

ഇന്ത്യയിൽ പ്രധാനമായും നാല് ഭാഷാകുടുംബങ്ങളാണുള്ളത്. അതായത് ഇന്ത്യയിൽ സംസാരിക്കുന്ന എല്ലാ ഭാഷകളും ഇന്തോ ആര്യൻ, ദ്രാവിഡിയൻ, ടിബറ്റോ ബർമൻ, ആസ്ട്രോ ഏഷ്യാറ്റിക് എന്നീ നാല് ഭാഷാകുടുംബങ്ങളിൽപ്പെടുന്നു. 2011-ലെ സെൻസസ് പ്രകാരം 78.05 ശതമാനം പേർ ഇന്തോ - ആര്യൻ ഭാഷകളും 19.64 ശതമാനം പേർ ദ്രാവിഡ ഭാഷകളും സംസാരിക്കുന്നു. ചുരുക്കത്തിൽ ഏതാണ്ട് 98 ശതമാനം പേരും ഈ രണ്ടു കുടുംബത്തിൽപ്പെട്ട ഭാഷകളുമാണ് സംസാരിക്കുന്നത്. ശേഷിക്കുന്ന രണ്ട് ശതമാനം പേർ ടിബറ്റോ ബർമൻ, ആസ്ട്രോ ഏഷ്യാറ്റിക് എന്നീ ഭാഷാകുടുംബങ്ങളിലെ ഭാഷകൾ സംസാരിക്കുന്നു. ഈ കണക്കു പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനങ്ങൾ സംസാരിക്കുന്നത് ഇന്തോ-ആര്യൻ ഭാഷകളാണ് (78.05%). 121 ഭാഷകളിൽ 21 എണ്ണം ഈ ഭാഷാകുടുംബത്തിൽപ്പെട്ടതാണ്. 19.64 ശതമാനം പേർ സംസാരിക്കുന്ന ദ്രാവിഡഭാഷാകുടുംബത്തിൽ 17 ഭാഷകളാണുള്ളത്. 1.11 ശതമാനം പേർ സംസാരിക്കുന്ന ആസ്ട്രോ ഏഷ്യാറ്റിക് കുടുംബത്തിലെ 14 ഭാഷകളും 1.01 ശതമാനം പേർ സംസാരിക്കുന്ന ടിബറ്റോ ബർമൻ കുടുംബത്തിലെ 66 ഭാഷകളും സെമിറ്റോ ഹെമിറ്റിക് ഭാഷയായ അറബിയും ഇതുകൂടാതെ ഇറാനിയൻ ഉപകുടുംബത്തിൽപ്പെടുന്ന അഫ്ഗാനി ഭാഷയും ജർമാനിക് ഉപകുടുംബത്തിൽപ്പെടുന്ന ഇംഗ്ലീഷും ഉൾപ്പെടുന്നതാണ് 2011 ലെ സെൻസസ് പ്രകാരമുള്ള 121 ഭാഷകൾ. 2018 ജൂണിലാണ് 2011-ലെ ഭാഷാസെൻസസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്നതിനാലും 2021-ൽ പുതിയ സെൻസസ് ആരംഭിക്കുന്ന സാഹചര്യത്തിലും ഇന്ത്യയിലെ സമകാലികഭാഷാസാഹചര്യം വിശകലനം ചെയ്യേണ്ടതുണ്ട്.

1961ലെ സെൻസസിൽ രാജസ്ഥാനി ഒരു സ്വതന്ത്ര ഭാഷയായിരുന്നു. 1971 ആയപ്പോഴേക്കും അതിനെ ഹിന്ദിയുടെ ഭാഷാഭേദമായി ഉൾപ്പെടുത്തി. 2011-ലെ സെൻസസ് അനുസരിച്ച് 2.58 കോടിയിലധികം ജനങ്ങളാണ് രാജസ്ഥാനി സംസാരിക്കുന്നത്.

## ഹിന്ദി ദേശീയഭാഷ എന്ന നിലയിൽ

ഇന്ത്യൻ ജനസംഖ്യയിൽ 43.63 ശതമാനം പേർ ഹിന്ദി മാതൃഭാഷയായി സംസാരിക്കുന്നതായി 2011-ലെ സെൻസസ് കണക്കാക്കുന്നു. അതായത് 52.8 കോടി ജനങ്ങൾ ഹിന്ദി മാതൃഭാഷയായി സംസാരിക്കുന്നു. 1971 -ലെ സെൻസസ് പ്രകാരം 36.99% ആളുകളാണ് ഹിന്ദി സംസാരിച്ചിരുന്നതെങ്കിൽ അത് 1981ൽ 38.74 ശതമാനവും 1991 ൽ 39.29 ശതമാനവും 2001 ൽ 41.03 ശതമാനവും 2011ൽ 43.63 ശതമാനം എന്ന നിലയിലും ഉയർന്നു. ഈ വർധനവ് എങ്ങനെ ഉണ്ടായി എന്നുകൂടി പരിശോധിക്കാം. ഹിന്ദി ഭാഷാഭേദം ഉൾപ്പെടെയുള്ള 56 ഭാഷാഭേദങ്ങൾ ഉൾപ്പെട്ടതാണ് 43.63 ശതമാനം പേർ സംസാരിക്കുന്ന ഈ ഹിന്ദി. 2011 സെൻസസ് അനുസരിച്ച് ഇന്ത്യൻ ജനസംഖ്യയുടെ 26 ശതമാനം പേർ ഹിന്ദി ഭാഷാഭേദം സംസാരിക്കുന്നു, അതായത് ഹിന്ദി എന്നത് ഒട്ടനവധി മാതൃഭാഷകൾ ഉൾക്കൊള്ളുന്ന ഒരു പൊതുനാമമായി മാറുന്നു. 2001 സെൻസസിൽ 49 ഭാഷകൾ ഹിന്ദിയുടെ ഭാഷാഭേദങ്ങളായി കണക്കാക്കിയിരുന്നിടത്താണ് 2011 ആയപ്പോഴേക്കും 56 ഭാഷാഭേദങ്ങൾ ആയി മാറിയത്. ഈ ഭാഷകളിൽ ഭൂരിഭാഗവും ഭാഷാശാസ്ത്രപരമായി സ്വതന്ത്രഭാഷകളാകാൻ യോഗ്യതയുള്ളതും എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടാവുന്നതുമാണ്. ഷെഡ്യൂൾഡ് ഭാഷയായി മാറണമെന്ന് ആവശ്യം ഉന്നയിച്ചിട്ടുള്ള ഒട്ടനവധി ഭാഷകൾ ഈ 56 ഭാഷാഭേദങ്ങളിൽ ഉൾപ്പെടുന്നു. അതായത് ഹിന്ദിയുടെ ഭാഷാഭേദം എന്ന് കണക്കാക്കിയിട്ടുള്ള പല ഭാഷകളും സ്വന്തമായി അസ്തിത്വം ഉള്ളവയാണ്. ഘടനാപരമായി അവയെ ഹിന്ദി ഭാഷാഭേദമായി കണക്കാക്കാൻ കഴിയില്ല. കൂടാതെ ഈ ഭാഷകളുടെ ഉപയോഗതോതും കൂടുതലാണ്. ഇവയിൽ രാജസ്ഥാനി, ബെഞ്ചാരി, ഛത്തീസ്ഗരി, ഗുജ്രി, കമൗനി, ഗർഹൗലി, നാഗ്പുരി, പഹാരി തുടങ്ങി ഒട്ടനേകം ഭാഷകൾ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടാൻ വേണ്ടിയുള്ള പരിശ്രമങ്ങളിലാണ്. അതിനായുള്ള വിവിധ ഔദ്യോഗികപ്രക്രിയകൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ഇവ ഉൾപ്പെടെ ആകെ 38 ഭാഷകളാണ് എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടാൻ വേണ്ടി കാത്തുനിൽപ്പ് പട്ടികയിലുള്ളത്. 1961ലെ സെൻസസിൽ രാജസ്ഥാനി ഒരു സ്വതന്ത്ര ഭാഷയായിരുന്നു. 1971 ആയപ്പോഴേക്കും അതിനെ ഹിന്ദിയുടെ ഭാഷാഭേദമായി ഉൾപ്പെടുത്തി. 2011-ലെ സെൻസസ് അനുസരിച്ച് 2.58 കോടിയിലധികം ജനങ്ങളാണ് രാജസ്ഥാനി സംസാരിക്കുന്നത്. അതുപോലെ ഭോജ്പുരി അഞ്ച് കോടിയിലധികം പേരും ഛത്തീസ്ഗരി 1.62 കോടിയിലധികം പേരും പഹാരി 32 ലക്ഷത്തിലധികവും നാഗ്പുരി ഏഴ് ലക്ഷത്തിലധികവും ഗർഹൗലി 24 ലക്ഷത്തിലധികവും ഗുജ്ജരി 12 ലക്ഷത്തിലധികവും ബഞ്ചാര 15 ലക്ഷത്തിലധികം പേരും മാതൃഭാഷയായി ഉപയോഗിക്കുന്നു. ഇത്തരത്തിൽ ഹിന്ദിയുടെ ഭാഷാഭേദമായി ഉൾപ്പെടുത്തിയിരിക്കുന്ന നിരവധി ഭാഷകൾ ലക്ഷക്കണക്കിനുപേർ മാതൃഭാഷയായി സംസാരിക്കുന്നവയും സ്വതന്ത്രമായി നിലനിൽപ്പുള്ളവയുമാണ്. സത്യത്തിൽ ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഭാഷകളെ ഉൾപ്പെടുത്തിയിരിക്കുന്നത് ഭാഷകരുടെ എണ്ണം കണക്കാക്കിയോ പൂർണമായും മൗലികാവകാശതത്വങ്ങളിൽ അധിഷ്ഠിതമായോ അല്ല. ഉദാഹരണമായി സംസ്കൃതം വെറും 2500 ഭാഷകരുമായി പട്ടികയിൽ ഇടം പിടിച്ചപ്പോൾ ലക്ഷങ്ങളോളം പേർ സംസാരിക്കുന്ന നിരവധി ഭാഷകൾ പിന്തള്ളപ്പെടുകയാണുണ്ടായത്.



ഇന്ത്യയിലെ നാല് ഭാഷാകുടുംബങ്ങളിൽ ഒന്നിലുൾപ്പെട്ട ഒരു ഭാഷ മാത്രമാണ് ഹിന്ദി. ഈ നാല് ഭാഷാകുടുംബങ്ങളും പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ നാല് ഭാഷാകുടുംബങ്ങൾക്കും ഒരു പൊതുവായ ഉത്ഭവമുണ്ടെന്നു പറയാനാവില്ല. ഇവ ഒരു പൊതുകുടുംബത്തിൽനിന്ന് വേർതിരിഞ്ഞു വന്നവയുമല്ല. അതുകൊണ്ടുതന്നെ എല്ലാ ഭാഷകളുടെയും മാതാവ് സംസ്കൃതമാണ് എന്നു പറയാൻ കഴിയില്ല. ഇന്തോ-ആര്യൻ ഭാഷകൾക്കു മാത്രമാണ് അത് ബാധകമാവുക.

ഭാഷ, ഭാഷാഭേദം എന്നിവ നിർവചിക്കപ്പെടുന്നത് ഭാഷാശാസ്ത്രപരം എന്നതിലുപരി രാഷ്ട്രീയപരമായ കാരണങ്ങളുടെ കൂടി അടിസ്ഥാനത്തിലായി മാറി. ഭാഷ എന്നത് സമൂഹത്തിൽ അഭിമാനത്തിന്റെ രൂപമായി മാറി. ഒരു വലിയ ഭൂവിഭാഗത്ത് സംസാരിക്കുന്ന മേലാളിത്തഭാഷയായി അതു മാറിയിരിക്കുന്നു. അധികാരത്തിന്റെ പിന്തുണയില്ലാത്ത പ്രാദേശികഭാഷകളെ ഭാഷ എന്ന ഗണത്തിൽപോലും പെടുത്തുന്നില്ല. ഭാഷാശാസ്ത്രപരമായി വ്യത്യസ്തഭാഷകളായി കണക്കാക്കാൻ കഴിയുന്ന ഭാഷകൾപോലും ഇത്തരത്തിൽ രാഷ്ട്രീയപരമായി അവഗണിക്കപ്പെടുന്നു. ഇത് ഭാഷകളുടെ പ്രയോഗസാധ്യത കുറയുന്നതിനും ക്രമേണ അന്യംനിന്നുപോകലിനും കാരണമാകുന്നു. യുനസ്കോയുടെ റിപ്പോർട്ട് പ്രകാരം ലോകത്ത് ഏറ്റവും കൂടുതൽ വംശനാശഭീഷണി നേരിടുന്ന ഭാഷകൾ ഇന്ന് ഇന്ത്യയിലാണുള്ളത്. 196 ഭാഷകളാണ് ഇന്ത്യയിൽ വംശനാശഭീഷണി നേരിടുന്നത്. കുറഞ്ഞത് പതിനായിരം പേരെങ്കിലും ഉപയോഗിച്ചാൽ മാത്രമേ മാതൃഭാഷയായി കണക്കാക്കു എന്നതാണ് സെൻസസിന്റെ ഭാഷാകണക്കെടുപ്പ് മാനദണ്ഡം. ഇത് ആദിവാസിഭാഷകൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷഭാഷകളെ സംബന്ധിച്ചിടത്തോളം വലിയൊരു സംഖ്യയാണ്. പതിനായിരം പേർ സംസാരിക്കുന്ന ഭാഷ എന്ന നിബന്ധന ഈ ഭാഷകളെ സംബന്ധിച്ചിടത്തോളം പ്രതികൂലഘടകമായി വർത്തിക്കുന്നു. മറ്റു ഭാഷകൾ സംസാരിക്കുന്നവർ എന്ന പേരിൽ ഏതാണ്ട് 19 ലക്ഷം പേർ ഇന്ത്യയിലുണ്ട്. അവർ സംസാരിക്കുന്ന ഭാഷകൾക്ക് പേരില്ല. വർഗീകരിക്കാത്ത മറ്റുഭാഷകൾ (അൺക്ലാസിഫൈഡ് അദർ ലാംഗ്വേജസ്) എന്നാണ് ഇവയെ പൊതുവായി പറയപ്പെടുന്നത്. വംശനാശഭീഷണി നേരിടുന്ന ഭാഷകളെ ഒരു ഭാഷയായി പോലും ഉൾപ്പെടുത്താതിരിക്കുന്നത്, പേരില്ലാത്ത ഭാഷകളായി അവ മാറുന്നത് അവയെ ഇല്ലാതാക്കുന്നതിന് തുല്യമാണ്.

ഇന്ത്യയിലെ ആദിവാസിഭാഷകൾ ഉൾപ്പെടെയുള്ളവ നേരിടുന്ന ഭാഷാപരമായ അവഗണന ഇതിന് ഉദാഹരണമാണ്. സ്വതന്ത്രഭാഷകളായിരുന്നിട്ടും ആദിവാസിഭാഷകൾ എപ്പോഴും അതതു പ്രദേശത്തെ പട്ടികഭാഷകളുടെ ഭാഷാഭേദമായിട്ടാണ് രേഖപ്പെടുത്തി വരുന്നത്. ഭാഷകർക്ക് പരസ്പരം പറയുന്നത് മനസ്സിലാകുമ്പോൾ കൂടിയാണത് ഭാഷാഭേദമായി വരിക എന്നിങ്ങനെയുള്ള സാമാന്യ മാനദണ്ഡങ്ങൾപോലും ഇവിടെ ബാധകമാകുന്നില്ല. അതുകൊണ്ടുതന്നെ ആദിവാസിഭാഷകൾ ഉപയോഗിക്കുന്നവരുടെ എണ്ണം ഇന്ന് വളരെയധികം കുറഞ്ഞുവരുന്നു. ആദിവാസിഭാഷകൾ മാതൃഭാഷയായുള്ള കുട്ടികൾ സ്കൂളിലെത്തുമ്പോൾ അവർ പൊതുധാരയുടെ ഭാഗമാവുകയും പ്രസ്തുതപ്രദേശത്തെ പട്ടികയിലുൾപ്പെട്ട ഭാഷ അവരുടെ മാതൃഭാഷയായി മാറുകയും ചെയ്യുന്നു. കേരളത്തിലെ ആദിവാസിവിദ്യാർഥികളുടെ മാതൃഭാഷ മലയാളവും അതിർത്തി പ്രദേശങ്ങളിൽ മലയാളമോ തമിഴോ കന്നടയോ ആയി മാറിമാറി വരുന്നതും ഇത്തരത്തിൽ യഥാർഥഭാഷകളെ മറച്ചുവയ്ക്കുന്നു. ഒഡിഷയിൽ നിലവിലുള്ള 62 ആദിവാസിഭാഷകൾ കുട്ടികൾ സ്കൂളിലെത്തുമ്പോൾ ഒറിയ എന്ന ഒറ്റപ്പേരിലൊളിച്ച് അപ്രസക്തമാകുന്നു. ഇത്തരത്തിൽ അതിഭീതിദമായ ഒരു സാഹചര്യം ഒരു വശത്ത് നിലനിൽക്കുന്നു. അവയെ പരിഗണിക്കാനോ സംരക്ഷിക്കാനോ നാം പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ തന്നെയാണ് ലക്ഷക്കണക്കിന് ആളുകൾ സംസാരിക്കുന്ന ഭാഷകളെപ്പോലും സ്വതന്ത്രഭാഷകളായി പരിഗണിക്കാതെ പേരില്ലാത്ത ഭാഷാഭേദങ്ങളായി പരിമിതപ്പെടുത്തി അവയെ മനപ്പൂർവമായി ഇല്ലാതാക്കുന്നത്. ഇത് നീതികേടാണ്.

ഭാഷയെ പരിഗണിക്കാതിരിക്കുമ്പോൾ അവ സംരക്ഷിക്കപ്പെടാതിരിക്കുകയും വളരെ പെട്ടെന്ന് നശിച്ചുപോവുകയുമാണ് ചെയ്യുക. ക്രമേണ അവ പേരില്ലാത്ത മൃതഭാഷകളായി മാറും. ഇത് ഭാഷാമരണമല്ല മറിച്ച് ഭാഷാവധം തന്നെയാണ്. ഒരു രാജ്യത്തെ ഭാഷാനയം ചില പ്രത്യേക ഭാഷകൾക്കു മാത്രം അനുകൂലമാവുകയും അത് വലിയൊരു വിഭാഗം ഭാഷകളെ ഉന്മൂലനം ചെയ്യാൻ കാരണമാവുകയും ചെയ്യുന്ന അവസ്ഥയെ ഭാഷാവധം എന്നു വിളിക്കാം. ഇങ്ങനെ എത്രയെത്ര ഭാഷാവധങ്ങൾ നടത്തിയിട്ടാണ് രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങൾ ചില പ്രത്യേകഭാഷകളെ ഉയർത്തിക്കൊണ്ടു വരുന്നത്. ഭാഷാസാമ്രാജ്യത്വവാദം കൊളോണിയൽ കാലത്ത് ഇംഗ്ലീഷിന്റെ പേരിലായിരുന്നുവെങ്കിൽ ഇന്നത് ഹിന്ദിയുടെ പേരിലാണ്. അധികാരകേന്ദ്രങ്ങൾ തങ്ങളുടെ സ്വാധീനമുപയോഗിച്ച് ജനങ്ങളിലേക്ക് ഏതെങ്കിലും ഒരു ഭാഷ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ അതിനെ ഭാഷാസാമ്രാജ്യത്വം എന്നു പറയാം. അധികാരത്തിന്റെ ഭാഷ എന്ന നിലയിലാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഇംഗ്ലീഷ് പ്രചരിപ്പിച്ചത്. ഭാഷയിൽ എപ്പോഴും മേലാളിത്തസ്വാധീനം സംഭവിക്കുന്നുണ്ടെന്ന് ചരിത്രപരമായി നമുക്ക് കാണാം.

ഇന്ത്യയിലെ നാല് ഭാഷാകുടുംബങ്ങളിൽ ഒന്നിലുൾപ്പെട്ട ഒരു ഭാഷ മാത്രമാണ് ഹിന്ദി. ഈ നാല് ഭാഷാകുടുംബങ്ങളും പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ നാല് ഭാഷാകുടുംബങ്ങൾക്കും ഒരു പൊതുവായ ഉത്ഭവമുണ്ടെന്നു പറയാനാവില്ല.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഹിന്ദി ദേശീയ ഭാഷയാക്കാനുള്ള ശ്രമങ്ങളുണ്ടായിരുന്നു. ഒരു ഭാഷ ദേശീയഭാഷ യാക്കുന്നുവെങ്കിൽ ഹിന്ദിയല്ല മറിച്ച് ഹിന്ദുസ്ഥാനിയാണ് ദേശീയഭാഷയാക്കേണ്ടത് എന്നാണ് ഗാന്ധിജി അഭിപ്രായപ്പെട്ടത്.



അധികാരികളുടെ ഭാഷ ശ്രേഷ്ഠഭാഷയാണെന്നും അത് മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കാനുള്ളതാണെന്നും ആദ്യകാലത്തെ വാമൊഴി വരമൊഴി വ്യത്യാസങ്ങൾ മുതൽ പിന്നീടിങ്ങോട്ട് കൊളോണിയൽ കാലത്തെ ഭാഷാവരേണ്യത വരെ നമുക്ക് കാണാം. ഇംഗ്ലീഷിനോട് നമുക്കുണ്ടായ വിധേയത്വം ഇന്നും വിട്ടുപോയിട്ടില്ല എന്നത് അതിന്റെ പ്രത്യക്ഷ ഉദാഹരണം തന്നെയാണ്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഹിന്ദി ദേശീയ ഭാഷയാക്കാനുള്ള ശ്രമങ്ങളുണ്ടായിരുന്നു. ഒരു ഭാഷ ദേശീയഭാഷയാക്കുന്നുവെങ്കിൽ ഹിന്ദിയല്ല മറിച്ച് ഹിന്ദുസ്ഥാനിയാണ് ദേശീയഭാഷയാക്കേണ്ടത് എന്നാണ് ഗാന്ധിജി അഭിപ്രായപ്പെട്ടത്. അഹിന്ദി പ്രദേശങ്ങളിലുള്ളവരുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് അന്ന് ഹിന്ദി ദേശീയ ഭാഷയായില്ല. എന്നാൽ ഹിന്ദിയാണ് നമ്മുടെ ദേശീയഭാഷയെന്ന് ഭൂരിപക്ഷം വരുന്ന ഇന്ത്യക്കാരെയും ഇക്കാലമത്രയും പറഞ്ഞു പഠിപ്പിച്ച് ബോധ്യപ്പെടുത്തിയത് എന്തിനു വേണ്ടിയായിരുന്നു? ഹിന്ദി ഇന്ത്യയുടെ ദേശീയഭാഷയല്ല മറിച്ച് ഔദ്യോഗികഭാഷയാണ്. ഔദ്യോഗികകാര്യങ്ങൾക്ക് ഹിന്ദിയോ ഇംഗ്ലീഷോ ഉപയോഗിക്കാം എന്ന് 1963 ലെ ഔദ്യോഗികഭാഷാ നിയമം അനുശാസിക്കുന്നു. ഇതുപ്രകാരം ഇംഗ്ലീഷ്, ഹിന്ദി എന്നീ രണ്ട് ഔദ്യോഗികഭാഷകളാണ് ഇന്ത്യക്കുള്ളത്.

ഒരു ഭാഷ രാജ്യം മുഴുവനും ഒരുപോലെ ഉപയോഗിക്കപ്പെടുകയും ഭൂരിപക്ഷം പേരും ആ ഭാഷ സംസാരിക്കുകയും ചെയ്യുമ്പോഴാണ് അത് ദേശീയഭാഷയാകുന്നത്. സോവിയറ്റ് യൂണിയനിൽ റഷ്യൻ അത്തരത്തിലൊന്നായിരുന്നു. എന്നാൽ ഇന്ത്യയെപ്പോലുള്ള ബഹുഭാഷാരാജ്യത്തിന് ഈ ആശയം അനുയോജ്യമല്ല. കന്യാകുമാരി മുതൽ കാശ്മീർ വരെ ഒരേ തോതിൽ ഹിന്ദി മാധ്യമത്തിൽ ആശയവിനിമയം നടത്തുകയും അത് പൊതുഭാഷയായി വർത്തിക്കുകയും വേണം. എന്നാൽ മാത്രമേ അത് ദേശീയ ഭാഷയായി മാറൂ. ഹിന്ദി ദേശീയഭാഷയാക്കാനുള്ള പരിശ്രമം നടന്നപ്പോൾ വെറും 30 ശതമാനം മാത്രമായിരുന്നു ഹിന്ദിഭാഷ സംസാരിക്കുന്നവർ. 70% പേരെങ്കിലും ഒരേ ഭാഷ സംസാരിക്കുമ്പോൾ മാത്രമേ ഒരു ദേശീയഭാഷ എന്ന ആശയം പോലും ജനിക്കുന്നുള്ളൂ. 2011-ലെ സെൻസസ് പ്രകാരം 28 സംസ്ഥാനങ്ങളിൽ ആകെ 10 എണ്ണത്തിൽ മാത്രമാണ് ഹിന്ദി പ്രധാനഭാഷയായി വരുന്നത്. ദക്ഷിണേന്ത്യയിലും അരുണാചൽ പ്രദേശ്, സിക്കിം ഒഴികെയുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഹിന്ദി സംസാരിക്കുന്നവർ വളരെ കുറവാണ്. ഇന്ത്യയിൽ ഹിന്ദി സംസാരിക്കുന്നവർ ഏറ്റവും കുറവ് കേരളത്തിലാണ്. 0.6% പേർ മാത്രമാണ് കേരളത്തിൽ ഹിന്ദി സംസാരിക്കുന്നവർ.

വിവിധ സംസ്ഥാനങ്ങളിലെ ഔദ്യോഗികഭാഷകൾ വ്യത്യസ്തങ്ങളായതിനാൽ ഹിന്ദി എന്നത് കേന്ദ്രസർക്കാരിന്റെ ഔദ്യോഗികഭാഷ മാത്രമാണ്. ഇന്ത്യയുടെ ഔദ്യോഗികഭാഷ എന്നുപോലും അതിനെ പൂർണഅർഥത്തിൽ പറയാനാവില്ല. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ദേശീയഭാഷ എന്നത് രാജ്യത്തെ ഭൂരിപക്ഷ ഭാഷയായിരിക്കണം. അത് സാമൂഹികവും മതപരവും രാഷ്ട്രീയവുമായ എല്ലാ മേഖലകളെയും ഉൾക്കൊള്ളുന്നതാവണം. താൽക്കാലികമായ സ്വാർഥതാൽപ്പര്യങ്ങളോ പ്രത്യേകമായ ലാഭേച്ഛയോ ഉദ്ദേശ്യലക്ഷ്യങ്ങളോ ദേശീയഭാഷ തിരഞ്ഞെടുക്കുന്നതിൽ ഉണ്ടാവരുത്. ഹിന്ദി ദേശീയഭാഷയാകുന്നതിനെ ഗാന്ധിജി എതിർത്തിരുന്നു. അതൊരിക്കലും ഉറുദു മാതൃഭാഷയായിട്ടുള്ള മുസ്ലീങ്ങളെ ഉൾക്കൊള്ളില്ലെന്നു ഗാന്ധിജി ഭയന്നിരുന്നു.

മാത്രമല്ല ഇത്തരത്തിൽ ഒരു ദേശീയഭാഷയെക്കുറിച്ച് ചിന്തിക്കുമ്പോൾ 24 ശതമാനത്തിലധികം വരുന്ന ദ്രാവിഡഭാഷാപ്രദേശങ്ങളെ ആരും പരിഗണിച്ചില്ല. ഒരു രാജ്യത്തിന്റെ ചരിത്രപരവും സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവും മതപരവുമായ ഐക്യം പരിഗണിച്ചുവേണം ഭാഷാനയം രൂപപ്പെടേണ്ടത്. അതല്ലെങ്കിൽ ഒട്ടനവധി ഭാഷകളുടെ അരികുവൽക്കരണത്തിനും മുരടിക്കലിനും അതുകാരണമാവും. വൈവിധ്യമെന്നത് ഇന്ത്യയുടെ അടിസ്ഥാനസ്വഭാവമാണ്. ഒരു കാലത്തും ഇവിടെ ഏകഭാഷയായിരുന്നു എന്നതിന് തെളിവില്ല. ഇന്ത്യയിൽ ചില ഭാഷകൾ മാതൃഭാഷയായി സംസാരിക്കുന്നവരുടെ തോത് ക്രമാതീതമായി കുറഞ്ഞുവരുന്നു. ഇവിടെയാണ് മാതൃഭാഷ എന്ന പദത്തിന്റെ സെൻസസ് നിർവചനം പരിശോധിക്കേണ്ടിവരുന്നത്. ഒരു കുടുംബത്തിൽ തന്നെ പല മാതൃഭാഷകൾ ഉണ്ടാവുമെന്നും ഓരോരുത്തരോടും ചോദിക്കണമെന്നും സെൻസസ് ബോർഡ് ആവശ്യപ്പെടുന്നു. മാതൃഭാഷ രേഖപ്പെടുത്തുമ്പോൾ വ്യക്തി സംസാരിക്കുന്ന ഭാഷ ഏതെങ്കിലും ഭാഷാഭേദമാണോ എന്ന് പരിശോധിക്കേണ്ടതില്ല. കൂടാതെ ഏതെങ്കിലും സംഘടിതമായ ശ്രമങ്ങളുടെ ഭാഗമായി യഥാർഥ മാതൃഭാഷ മറച്ചുവയ്ക്കപ്പെടുന്നു എന്ന് തിരിച്ചറിഞ്ഞാലും അയാൾ പറയുന്നതിൽ മാറ്റങ്ങൾ വരുത്താൻ പാടില്ല, പകരം ഒരു റിപ്പോർട്ട് തന്നാൽ മതിയാകും എന്നും സെൻസസ്ബോർഡ് നിർദേശിക്കുന്നു. ഇതിൽ ആദ്യത്തെ ഭാഗം മാത്രം പ്രസക്തമാവുകയും റിപ്പോർട്ട് എന്നത് അപൂർണമാവുകയും ചെയ്താൽ അത് സെൻസസ് കണക്കുകളെ കാര്യമായി ബാധിക്കും.

മാതൃഭാഷ എന്നത് അമ്മയിൽനിന്നും പകർന്നു കിട്ടിയ ഭാഷയെന്ന നിർവചനത്തിൽനിന്ന് ചെറുപ്പകാലത്ത് സംസാരിക്കുന്ന ഭാഷ എന്നാവുകയും പിന്നീട് സാധാരണയായി ഉപയോഗിക്കുന്ന ഭാഷ എന്നായി മാറുകയും ചെയ്തിരിക്കുന്നു. ഈ സാധാരണ ഉപയോഗിക്കുന്ന ഭാഷ എന്നത് ഏതെങ്കിലും ഭാഷാഭേദമാണോ എന്ന് അന്വേഷിക്കേണ്ടതില്ല എന്ന സാഹചര്യത്തിൽ അത് കൃത്യമായി രേഖപ്പെടുത്താനാവണമെന്നില്ല. അങ്ങനെ ഹിന്ദിയുടെ 56 ഭാഷാഭേദങ്ങളും ഹിന്ദി തന്നെയായി മാറുന്നു. ഇത് ഭാഷാഭേദങ്ങളുടെ അഥവാ ഭാഷാഭേദം ആയി കണക്കാക്കപ്പെട്ടിരിക്കുന്ന ഭാഷകളുടെ നില അപകടത്തിലാക്കുകയും അവയെല്ലാം ക്രമേണ ഹിന്ദി തന്നെ ആയി മാറുകയും ചെയ്യുന്നു. ഹിന്ദി എന്ന പേരു മാത്രം പ്രസക്തമാകുന്നു. അതുകൊണ്ടുതന്നെ ഭാഷാസെൻസസിൽ കൃത്യമായ ഭാഷാഭേദം കൂടി രേഖപ്പെടുത്തേണ്ടതാണ്. ഭാഷാ സെൻസസ് പ്രത്യേകമായി ഭാഷാശാസ്ത്രപരിജ്ഞാനം ഉള്ളവരെക്കൊണ്ട് നടത്തണം. അതിന് കൃത്യമായ പരിശീലനം നൽകുകയും മാനദണ്ഡങ്ങൾ നിർമിക്കുകയും വേണം. ഭാഷാസെൻസസിനു പോകുന്നവർ ഭാഷയെക്കുറിച്ച് എത്രകണ്ട് ബോധവാന്മാരാണെന്നും പരിശോധിക്കണം. ഭാഷാസെൻസസ് പക്ഷപാതരഹിതമാവണം. കേരളത്തിലെയും കർണാടകത്തിലെയും കൊങ്കിണി ഭാഷ സംസാരിക്കുന്നവർക്ക് മാതൃഭാഷയായി അടയാളപ്പെടുത്താൻ മലയാളം അല്ലെങ്കിൽ കന്നട എന്ന ഓപ്ഷൻ മാത്രമേ നൽകിയിരുന്നുള്ളൂ എന്നത് കൊങ്കിണിഭാഷ സംസാരിക്കുന്നവരുടെ കണക്കിൽ കുറവ് ഉണ്ടാക്കി. പല ഭാഷകളുടെയും ആസൂത്രിതമായ വർധനവിനും നാശത്തിനും ഇത്തരം രീതികൾ കാരണമാവും. ഉറുദു ഇംഗ്ലീഷും ഔദ്യോഗികഭാഷയായിരുന്ന ജമ്മുകാശ്മീരിൽ 2020 സെപ്റ്റംബർ 22 ന് നിലവിൽ വന്ന ഔദ്യോഗികഭാഷാബിൽ അനുസരിച്ച് കാശ്മീരി, ഡോഗ്രി, ഹിന്ദി എന്നിവയും ഔദ്യോഗികഭാഷയായി മാറി. ജമ്മുകാശ്മീരിൽ 2011 സെൻസസ് പ്രകാരം 53.26% പേർ കാശ്മീരി ഭാഷ സംസാരിക്കുന്നു. ഡോഗ്രി 20.64% പേരും ഹിന്ദി 2.30% പേരുമാണ് മാതൃഭാഷയായി സംസാരിക്കുന്നത്. ഭാഷാപരമായി വൈവിധ്യം പുലർത്തുന്ന ഒരു പ്രദേശത്ത് ഒന്നിലധികം ഔദ്യോഗികഭാഷകൾ എന്നത് ആ ഭാഷകളെ കൂടുതൽ സമ്പുഷ്ടമാക്കും. കൂടാതെ ജനങ്ങൾക്ക് സ്വന്തം ഭാഷയിൽ ഔദ്യോഗികകാര്യങ്ങൾ നേടിയെടുക്കാൻ കഴിയുന്ന, ഭാഷാപരമായ ഭരണഘടനാവകാശം നേടിക്കൊടുക്കുന്ന, ഭാഷാപരമായ തുല്യത ലഭ്യമാക്കുന്ന ഒരു സാധ്യതയാണത് എന്നതുകൊണ്ടുതന്നെ അക്കാര്യത്തിൽ തെറ്റൊന്നുമില്ല. എന്നാൽ 9.32% പേർ സംസാരിക്കുന്ന ഗോജ്രി ഭാഷയും 8.03% പേർ സംസാരിക്കുന്ന പഹാഡി ഭാഷയും ഒഴിവാക്കിയാണ് 2.30% പേർ മാത്രം സംസാരിക്കുന്ന ഹിന്ദി ഔദ്യോഗികഭാഷയാക്കിയിട്ടുള്ളത്. ഒരു പ്രദേശത്തിന് അഞ്ച് ഔദ്യോഗികഭാഷകൾ എന്നതിനുപരിയായി ഭൂരിപക്ഷഭാഷകളായ ഗോജ്രി, പഹാഡി തുടങ്ങിയ ഭാഷകളെ തഴഞ്ഞുകൊണ്ട് ഹിന്ദിയെ ഔദ്യോഗികഭാഷയാക്കി മാറ്റിയതിന്റെ രാഷ്ട്രീയ സാമൂഹിക ഭാഷാസാഹചര്യങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഒരു രാജ്യത്തിന്റെ ചരിത്രപരവും സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവും മതപരവുമായ ഐക്യം പരിഗണിച്ചു വേണം ഭാഷാനയം ഉണ്ടാവേണ്ടത്. ഇന്ത്യൻ ഭരണഘടന ഇന്ത്യയെ ഒരു ബഹുഭാഷാരാഷ്ട്രമായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. വ്യത്യസ്തങ്ങളായ ഭാഷകളെയും അതുവഴി സംസ്കാരത്തെയും സംരക്ഷിക്കാനും നിലനിർത്താനുമാണ് നാം പരിശ്രമിക്കേണ്ടത്. അല്ലാതെ ഏകഭാഷാരാഷ്ട്രം എന്ന സങ്കല്പത്തിന് വേണ്ടിയല്ല. മറ്റനേകം ഭാഷകളെ കൊന്നുകൊണ്ട്, വൈവിധ്യമാർന്ന സംസ്കാരങ്ങളെ ഇല്ലാതാക്കിക്കൊണ്ട് നടപ്പിൽ വരുത്താൻ ശ്രമിക്കുന്ന ഭാഷാപരമായ ഏകാധിപത്യം അംഗീകരിക്കാൻ കഴിയുന്നതല്ല.

**അവലംബം**

https://censusindia.gov.in/2011Census/Language_MTs.html

*(തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ ഭാഷാശാസ്ത്ര വിഭാഗം ഡയറക്ടറാണ് ലേഖിക drsmithamu@gmail.com)*

മാതൃഭാഷ എന്നത് അമ്മയിൽനിന്നും പകർന്നു കിട്ടിയ ഭാഷയെന്ന നിർവചനത്തിൽനിന്ന് ചെറുപ്പകാലത്ത് സംസാരിക്കുന്ന ഭാഷ എന്നാവുകയും പിന്നീട് സാധാരണയായി ഉപയോഗിക്കുന്ന ഭാഷ എന്നായി മാറുകയും ചെയ്തിരിക്കുന്നു.